**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഓരോ കാലാവസ്ഥയിലെയും കാർഷിക ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന് ഒരൊറ്റ പ്ലാറ്റ്ഫോമിൽ കാർഷിക സംബന്ധിയായ എല്ലാ വിവരങ്ങളും ഏകീകരിക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ കാർഷിക വിവരങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചുകൊണ്ട് കാർഷിക ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിനും കർഷക സേവനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുമായി കതിർ (കേരള അഗ്രികൾച്ചറൽ ടെക്നോളജി ഹബ്ബ് ആൻഡ് ഇൻഫർമേഷൻ റെപ്പോസിറ്ററി) എന്ന ഏകീകൃത കാർഷിക വിവര ഹബ്ബും ഡിജിറ്റൽ സേവന പ്ലാറ്റ്ഫോമും തയ്യാറാക്കിയിട്ടുണ്ട്. 2024 ജൂലൈ മാസത്തോടെ കതിരിന്റെ ഭാഗമായുള്ള വെബ് പോർട്ടലും മൊബൈൽ ആപ്പും പ്രവർത്തിച്ചു തുടങ്ങുന്നതാണ്.<br><br>ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവർത്തനങ്ങൾ താഴെ നല്കുന്നു.<br><br>1. ഏകീകൃത കാർഷികവിവര സങ്കേതം തയ്യാറാക്കൽ<br><br>2. ജിയോപോർട്ടലും, മൊബൈൽ ആപ്ലിക്കേഷനും, നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി കൃഷിയിടങ്ങളുടെ അതിര് നിർണ്ണയം.<br><br>3. കാലാവസ്ഥാധിഷ്ഠിത വിള ആസൂത്രണം സാധ്യമാക്കുക.<br><br>4. വിവര സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി മണ്ണിലെ ജൈവാംശത്തിന്റെ അളവ് നിർണ്ണയിക്കുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.<br><br>5. ഏകീകൃത കർഷക വിവരം.<br><br>6. കാർഷികോപദേശ സേവനങ്ങൾ. |

| | | | |
|---|---|---|---|
| | | | 7. വിദൂര നിരീക്ഷണം (റിമോട്ട് സെൻസിങ്) ഉപയോഗിച്ച് കാർഷിക വിളകളുടെ വിള വർഗ്ഗീകരണവും, വിസ്തൃതി കണക്കാക്കലും സാധ്യമാക്കുക.<br><br>8. വിള ആരോഗ്യ നിരീക്ഷണം സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടപ്പിലാക്കുക.<br><br>9. മണ്ണിന്റെ ഈർപ്പത്തിന് അധിഷ്ഠിതമായി ജലസേചന സംവിധാനം തയ്യാറാക്കുക.<br><br>10. വിദൂര നിരീക്ഷണം (റിമോട്ട് സെൻസിങ്) ഉപയോഗിച്ചുള്ള വിളവെടുപ്പ് നിർണ്ണയം.<br><br>11. കർഷകർക്ക് കാലാവസ്ഥാ കെടുതികൾ സംബന്ധിച്ച് മുന്നറിയിപ്പ് നൽകുക.<br><br>12. വിള പരിരക്ഷ.<br><br>13. വിവിധ പദ്ധതികൾ വഴിയുള്ള ആനുകൂല്യ വിതരണത്തിന് കേന്ദ്രീകൃത ധനവിതരണ സംവിധാനം തയ്യാറാക്കുക.<br><br>14. കർഷകർക്കുള്ള സഹായ സേവനം(ഹെല്പ് ഡെസ്ക്)<br><br>15. ഇലക്ട്രോണിക് വിപണന സംവിധാനങ്ങളുമായുള്ള സംയോജനം.<br><br>16. കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ സേവനങ്ങളും പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക. |
| (ബി) | കർഷകർക്ക് വ്യക്തിഗതമായി കാർഷിക രീതികൾ നിർണ്ണയിക്കുന്നതിനും കാലാവസ്ഥ വ്യതിയാനത്തിന്റെ അപകട സാദ്ധ്യത കുറയ്ക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണെന്നും ഈ പദ്ധതിയിലൂടെ മറ്റെന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ? | (ബി) | 'കതിർ' ഡിജിറ്റൽ സേവന പ്ലാറ്റ്ഫോമിലൂടെ കർഷകർക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകട സാധ്യത മനസിലാക്കുന്നതിനും കാലാവസ്ഥയെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക ആസൂത്രണം നടത്തുന്നതിനും സാധ്യമാകുന്നു. നിർമ്മിതബുദ്ധി സങ്കേതങ്ങൾ, ഉപഗ്രഹ ഡാറ്റ എന്നിവയിലൂടെ കൃഷിയിട അതിരുകൾ തിരിച്ചറിയുക, കർഷകർക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടസാധ്യത കുറയ്ക്കുന്നതിനും കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി കാർഷിക കാലാവസ്ഥാ അനുസരിച്ചുള്ള ആസൂത്രണം നടത്തുക, ജലലഭ്യത അടിസ്ഥാനമാക്കി പ്രാദേശികമായി ശരിയായ വിള കണ്ടെത്തുകയും വിളയുടെ നടീൽ രീതികൾ, സീസണിലെ വിള ഉപദേശങ്ങൾ, ആരോഗ്യപരിപാലനം, വിളവ് കണക്കാക്കൽ തുടങ്ങിയവ പകർന്നു നൽകുക, കർഷകർക്ക് സുഗമമായ വിതരണ ശൃംഖലയും മികച്ച സേവനവും ഉറപ്പാക്കുന്നതിന് മാർക്കറ്റ് യാർഡ് ലിങ്കേജ് |

| | | | |
|---|---|---|---|
| | | | ആസൂത്രണം ചെയ്യുക, സർക്കാർ ആനുകൂല്യങ്ങളും പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് കർഷകരുടെയും, കൃഷിസ്ഥലങ്ങളുടെയും, കൃഷിയെയും സംബന്ധിച്ച തത്സമയ വിവരങ്ങൾ ഒരുക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പ്രധാനമായും പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>ഇതോടൊപ്പം കേരളത്തിലെ കാർഷിക മേഖലയുടെ പരിവർത്തനം ലക്ഷ്യമിട്ട് ലോകബാങ്ക് സഹായത്തോടെ 'കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖലാ നവീകരണ പദ്ധതി' (Kerala Climate Resilient Agri Value Chain Modernization Project - KERA) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.<br><br>പ്രധാനമായും കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും, FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ-കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം, കണ്ടിൻജന്റ് എമർജൻസി റെസ്പോൺസ് ഘടകവും (സി.ഇ.ആർ.സി) കാലാവസ്ഥാ ധനസഹായവും, എന്നീ ഘടകങ്ങൾ ഉൾച്ചേർന്നിട്ടുള്ള കേര (KERA) പദ്ധതി കേരള കൃഷി ഹബ്ബ് പദ്ധതിയുമായി സംയോജിപ്പിച്ച് കർഷകർക്ക് പ്രയോജനപ്പെടുന്ന തരത്തിൽ നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>മേൽ പദ്ധതികൾ പൂർണ്ണ സജ്ജമാകുന്നതിലൂടെ കർഷകർക്ക് വ്യക്തിഗതമായി കാർഷിക രീതികൾ നിർണ്ണയിക്കുന്നതിനും കാലാവസ്ഥ വ്യതിയാനത്തിന്റെ അപകട സാദ്ധ്യത കുറയ്ക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ